# 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2022 ഡിസംബർ 8-ാം തീയതി സമർപ്പിച്ചത്

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

1563/2022.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| 1. | ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | 1 |
| 3. | അനുബന്ധം: | | |
| | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 3 |

# സബ്ജക്ട് കമ്മിറ്റി XIV
# (ആഭ്യന്തരകാര്യങ്ങൾ)
# (2021-2023)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. വി. ജോയി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. തോമസ് കെ. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

# 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ)കമ്മീഷൻ ഭേദഗതി ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയച്ച 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ)കമ്മീഷൻ ഭേദഗതി ബിൽ (ബിൽ നമ്പർ 148) സമിതി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ)കമ്മീഷൻ ഭേദഗതി ബിൽ 2022 ഡിസംബർ 3-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു ഈ ബിൽ 2022 ഡിസംബർ 7-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അന്നേദിവസംതന്നെ അയയ്ക്കുകയും ചെയ്തു.

3. 2022 ഡിസംബർ 7-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള ബില്ല് അനുബന്ധമായി ചേർത്തിരിക്കുന്നു.

പിണറായി വിജയൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2022 ഡിസംബർ 7.

അനുബന്ധം

# 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ

ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റ് (2016-ലെ 3-ാം ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റ് (2016-ലെ 3-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (v)-ാം ഇനത്തിൽ "അറുപത്തഞ്ച്" എന്ന വാക്കിനു പകരം "അറുപത്തിയെട്ട്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

3. 4-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ " പുനർനിയമനത്തിന്" എന്ന വാക്കിനുപകരം "പുനർനാമനിർദ്ദേശത്തിന്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (2)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "നിയമിക്കപ്പെട്ട" എന്ന വാക്കിന് പകരം "നാമനിർദ്ദേശം ചെയ്യപ്പെട്ട" എന്ന വാക്കുകളും, "നിയമിക്കപ്പെടുന്നത്" എന്ന വാക്കിനു പകരം "നാമനിർദ്ദേശം ചെയ്യപ്പെടുന്നത്" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2022 ഡിസംബർ 7.

എ. എം. ബഷീർ,
*സെക്രട്ടറി.*